# ANNUAL REPORT FOR THE YEAR 2001-02

The year 2001-02 has been a turning point in the history of our College. The activities of this year both Academic and Non academic reached the golden peak during the year. Thanks to the co-operation and active involvement of the students, the staff and the Managing Committee who brought many laurels to the College and initiated many development projects. The college is now accredited at 5 Star level by the NAAC of the UGC. Our College is the only one with 5 Star status in the Malabar region. With full of gratitude and pleasure, I stand before you to present a brief report of the activities.

## Staff:-

The College draws its strength from its 118 teaching and 58 non-teaching staff members (except 23 guest lecturers and 10 last grade staff) and 1722 students. The following staff members are to retire this year.

| | |
|---|---|
| 1. Prof. M.D. Salim, Head of Dept. of Botany | - 31-03-2002 |
| 2. Prof. T. Mohamed, Head of Dept. of Physics | - 31-03-2002 |
| 3. Smt. C.M. Kadija, Lect, Dept of Botany | - 31-03-2002 |
| 4. Sri. V.K.Chandrasekharan, Lect, Dept. of Botany | - 30-06-2002 |
| 5. Sri. C.H. Yousuf, Head of Dept. of Statistics | - 30-06-2002 |
| 6. Sri. C.K. Ibrahim, UD Clerk | - 31-08-2002 |
| 7. Sri. T.S. Krishnan, Gr. Typist | - 30-09-2002 |
| 8. Sri. C. Abdul Hameed, UD Clerk | - 30-11-2001 |

## Academic Research Activities:

As part of staff development programme 13 teachers were deputed for higher education under F.I.P. They were T.P.O Nasirudhin, A.Kuttialikutty, M. Zuhara, K.V. Mubarak, P.T. Moosa Koya, K.A. Siraj, P. Saheeda, T. Mohamedali, N.P. Hafiz Mohamed, K.M. Naseer, K. Mohamed Basheer, P.K. Jaleel and V.Kunhimon. 8 teachers were deputed to attend the Refresher course and orientation programme. 8 teachers had been doing research in their respective subjects. 12 teachers presents their papers in different seminars. 17 Schoolers got registered as Research Fellows under research department of English, Zoology, Chemistry, Statistics and Arabic. Books have been published by our teachers during the year. T. Mohamed, Physics Dept. (B.Sc Physics subsidiary) Vol. 1 on 2-6-2001 Calicut University, and Vol. II on 19-11-2001 Kannur University, K.A. Mathew, B.Sc. Physics, Sub. Vol. II (Calicut University), K.E.N. Kunhamed and N.P. Hafiz Mohamed, 'Kurathi Adhava keezhalarude Amarsham', 'Veedum Kudumbavum' 2002 March.

## Result of University Examination

The following is the percentage of pass in the University Examination April/May 2001.

| | |
|---|---|
| P.D.C. | - 91.98% |
| B.A | - 91.30% |
| B.Sc | - 29.50% |
| B.Com | - 70.00% |
| B.B.S | - 88.40% |
| M.A | - 68.50% |
| M.Sc | - 82.25% |
| M.Com | - 70.58% |

## Rank Holders:-

| | | |
|---|---|---|
| P.D.C | - Mohamed Irshad.P | 902 Distinction |
| B.A English | - Jisha Menon | 617 I Rank |
| M.A Arabic | - Sahla.A | 919 III Rank |
| M.A History | - Habeeba.V | 1019 III Rank |
| M.Sc Physics | - Ramla. K.T | 1132 III Rank |
| M.Sc Zoology | - Rashida.A.P | 1144 II Rank |
| M.Sc Statistics | - Rajalakshmi | 1102 I Rank |

College Library :-

The college library has a collection of 64250 books (as on 31-12-01). 2488 books were procured this year. Total number of periodicals subscribed is 141, of which 54 are bound and preserved. The bound periodical section has a collectionn of Audio Visual aids including film strips Audio and Video cassetes, gramphons records, slides, etc.

Two exhibitions were conducted by the library this year a collection of photos and books on our former prime Minister Smt. Indir Gandhi on 31st Ocotber 2001 and the reference books and other materials were exhibited in the 2nd week of October 2001.

This year the library utilized more than Rs. 40,500/- for purchase of books, journals and non-book materials.

Informatic Centre:-

An Informatic centre, equipped with 40 nodes of computers and all modern facilities like Internet, is functioning in the campus. The centre is open to all students and teachers of the College. Informatics centre is running need based short term courses for the benefit of regular students at nominal rate of fee.

College Union :-

College union election was held on 20-09-2001. The following were elected as the office bearers of the College Union 2001-02.

| | |
|---|---|
| Chairman | - Mohamed Shameem. M (III B.Sc Phy.) |
| Vice Chairman | - Usna Usman (II BA English) |
| Secretary | - A. Hussain (II MA Arabic) |
| Joint Secretary | - Sabna Khaleel. K (III B.Sc Comp. Sci) |
| UUC | - 1. Aneez. M.T (III B.Sc Stati) |
| | - 2. Abdul Hafiz (II B.Sc Stati) |

Secretary -Fine Arts - Jafar. N.K (III B.B.S)
Cheif Student Editor- Ashiq Iqbal. S.K (II BA Eng)
General Captain - Shamsherr. C (III B.Sc Zoology)

The following teachers were selected as Staff advisor, Fine Arts Club Director and Staff editor for the year 2001-02

| | |
|---|---|
| 1. Abulla. K.P | - Staff Advisor |
| 2. A.K. Abdul Rahim | - Fine Arts Club Director |
| 3. K.M. Naseer | - Staff Editor. |

The inauguration of College Union 2001-02 was held on 18-10-01. Mr. Unnidrishnan, Cartoonist inaugurated the Union activities.

N.S.S :-

The three NSS Units of Farook College were active this year. To begin with, NSS conducted a blood group camp in association with the students of Calicut Medical College, on 06-08-2011 in Hiroshima Day. In-connection with Nagasaki Day a silent procession was held. A general quiz programme was conducted for the students of various classes. On the Independence Day, our volunteers visited the Vridha Sadanam and shared their views with the elderly people there. Teachers day was celebrated by distributing sweets and greating cards among the teachers. A atamp exhilbition with the support of Mr. Mohamed Koya, the renowned philatelist, also was organised.

N.C.C :-

During the year the cadets continued the Social activity of our earlier major projects, like water concervation drive. Some positive results have been found. Our cadets participated in the various camps like Sapoothara Trecking Camp at Gujarat, RD camp at Taliparamba, combined wing annual training camp at Payyannur, Annual training camp at Mavoor, RD inter-group competition at Thiruvanathapuram. Pre-Nousainic camp at Kochi, Capsule Camp of Nousainic Camp at Kochi, Pre-Nousainic II, at Kochi, Annual Training Camp at Mondovi, etc. A thrilling cycle exepedition has conducted from Calicut University to Thiruvanthapuram. NCC are proud to note that 4 cadets including 3 boys and 1 girl got C certificate and 6 cadets including 3 girls got B certificates. In connection with NCC day celebration, a seminar on Ayurvedic treatment methods was organised. Famous Ayurvedacharya Ld. Johny Antony made a speech on herbs.

The total strength of Girls wing is 54 out of which 29 Nos. in Army Girls and 25 Nos. in Navy Girls. The activities of Army Girls include camps, examinations and social services. 8 camps were alloted to our students during the academic year. 4 cadets were attended trecking camps at Ootty, 6 cadets attended CAWATC at Calicut University, 3 cadets attended RD selection camp at Kannur, and one cadet got selected for RD camp at Delhi.

Physical Education :-

Department of Physical Education elevated at Farook College to International fame. The performance of the outstanding player Mr. Diju.V, brought laurels to the College by representing Indian Badminton Team to all England Badminton Championchip. 4 football players, 3 shuttle players, 2 cricket players and 2 table tennis players represented the University teams concerned. Mr. Rafi was the captain of the University Table Tennis team. The college softball team became runners up in the Interzone Tournament. The football team became runners up in the Interzone Tournament. The footaball team won A Zone Championship for the sixth consecutive year.

Fine Arts :-

In the history of Farook College, we won the Interzone and B Zone championship for the 3 consecutive years and 4 consecutive years respectively. The College fine arts day "Arang 2001" were inaugurated by Kaithpram Damodharan Namboothiri. Sharath Kumar (III BSc Zoology) and Haris. K.M. (III BSc Statistics) were selected as Sargaprathibha and Chitraprathibha respectively.

Career & Course Guidance Centre :-

The centre organised Library Orientation programme for students of I DC and I PG classes with the technical

support of our College Library. One day career orientation programme was conducted for I PG students. Organised career orientation programmes for III Degree students.

PM Institute of Civil Service Examination :-

The institute notified the asmission schedule in major dailies in the month of April & May 2001. All Kerala Common Entrance Test was held on 3rd June, 2001. Seventy candidates were shortlisted out of test. 16 students were selected through the process of resource personality test.

The curriculam of the institute is being widely appreciated by educationalists, senior civil servants and the general public. The resedential pattern of the institute has proved to be the aptstrategy for prepairing candidates to take all India Competitive Exams.

The institute has prepared plans for the commencement of September batches for Indian Forest Service Examinations. The institute also proposes to start a long term coaching programme for the Civil Services Examinations for off campus students. The construction work of the building of the Institute is nearing completion.

Health Centre :-

The Jubilee Health Centre of the Campus provides Medical Services to nearly 6000 students of the Farook College and its sister institutions.

Campus Diversity Initiative:-

The Campus Diversity Initiative (CDI)is supported by the Newyork based Ford Foundation. The activities under the campus diversity initiative have been noted for its vibrance and innovation in all its demographic equipment. Three teachers of our college have undergone training in the basic counselling skills at Bangalore.

P.T.A.

The P.T.A. Special cash award was presented to Kumari Jisha Menon who secured First Rank in B.A. English on 14.08.2001, by the Hon. Education Minister of Kerala Sri. Nalakath Soopy, who is also the immediate past-vice president of the P.T.A. P.T.A. has liberally supported the college union in all its activities. The financial assistance extended by P.T.A. has enabled the College to become Calicut University Intercom Arts Festival Champions consecutively for three years. P.T.A. has ensured free medical examination to all students of the college through the college Jubilee Health centre.

Conclusions:-


Presenting the report in nutshell, I stand before you content and satisfied. The making of the history of Farook College is a story of concerted move of a heterogeneous group synchronised and channalised towards a coomon goal. In its onward march, the thought that remains and reminds us is the facts that it has to cross miles and mover beyond to the yonder spaces of achievements and cusses. Here I humbly acknowledge the priceless support you, the students and the sataff of this college, and the Managing Committee, extended to me and I pray that the Allah Almighty may continue to ashower his blessing on us.

# ഫാറൂഖിന് അഭിമാനാർഹമായ ഒരു വർഷം കൂടി.....

അബ്ദുസ്സമദ്. കെ.കെ
ഒന്നാം വർഷ ബി.എ. അറബിക്

ഇവിടെ ഒരിതൾ കൂടി കൊഴിഞ്ഞു പോവുകയാണ്. കാലത്തിന്റെ ധൃതിപ്പെടലിനിടയിൽ പൂർണ വളർച്ചയെത്തിയ മറ്റൊരിതൾ.... അരനൂണ്ടാറ്റുകാലമായി വർഷം തോറും ഫാറൂഖാബാദ് സമൂഹത്തിന് സമർപ്പിക്കാറുള്ള കൊച്ചിതളുകൾ അടർന്നുവീണ്, മണ്ണിൽനിന്നും കിളിർത്തെഴുന്നേറ്റ് സമൂഹത്തിന് തണലായി വളരുകയാണ്.

അംഗീകാരത്തിന്റെ പരശ്ശതം പൊൻതൂവലുകളണിഞ്ഞ ഫാറൂഖാബാദിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് കഴിഞ്ഞുപോയ വർഷം. മലബാറിലെ ഏക പഞ്ചനക്ഷത്ര പദവിയുള്ള കോളേജായി അംഗീകരിക്കപ്പെടുക, സംസ്ഥാനത്തെ ഏറ്റവും നല്ല കോളേജിനുള്ള ആർ.ശങ്കർ അവാർഡ് നേടുക, ഇന്റർസോണിൽ ഹാട്രിക്ക്, ബി.സോൺ കിരീടം നാലാം തവണയും, അക്കാദമിക്ക് നിലവാരം ഉയർത്തിക്കാട്ടുന്ന റാങ്കുകളുടെ തിളക്കം......... അങ്ങനെ മികവിന്റെ ആയിരം യുഗങ്ങൾ തീർത്ത് ഫാറൂഖാബാദ് പ്രയാണം തുടരുകയാണ്.



സർ സയ്യിദ് യമുനയുടെ തീരത്ത് അലിഗഢ് പണിതത് 'സ്വാതന്ത്ര്യം കുരങ്ങന്റെ കയ്യിലെ സ്വർണമാല'യാകാതിരിക്കാനായിരുന്നുവെങ്കിൽ അബുസ്സബാഹ് ചാലിയാറിന്റെ തീരത്ത് ഫാറൂഖിന് ശിലയിട്ടത് ചരിത്രത്തിന്റെ ഗതിമാറ്റിയൊഴുക്കാനായിരുന്നു. തലമുറകൾക്ക് വെളിച്ചമേകുന്ന 'അലാവുദ്ദീന്റെ അൽഭുത വിളക്കാ'യി ഫാറൂഖ് വളർന്നത് എത്ര വേഗമാണ്...! അന്ന് വരണ്ടുണങ്ങിയ മണ്ണിൽ ഒഴിഞ്ഞ കൈകളുമായി വിത്തുപാകാൻ അവരെത്തിയപ്പോൾ സമയവും സാഹചര്യവും സങ്കീർണ്ണമായിരുന്നു. കത്തുന്ന സൂര്യനു താഴെ പാറകളിൽ വേരുമുളക്കില്ലെന്ന് അവർക്കറിയാമായിരുന്നു. എന്നിട്ടും അവരത് ചെയ്തു...! സമൂഹത്തിനു വേണ്ടി ഒന്നും ചെയ്തുവെക്കാതെ മാഞ്ഞുപോകുന്നതിലെ കുറ്റം അവരെ വഴിനടത്തിയതാവാം. മണ്ണിട്ടു മൂടിയ വിത്തിൽ നിന്ന് മുളയുയരുന്നത് അവർ കാത്തുനിന്നു. പതിയെ ചിരിക്കുന്നമുഖവുമായി അത് വളർന്നു, പ്രതീക്ഷകൾക്കുമപ്പുറം. അവരോർത്തിട്ടുണ്ടാവില്ല, വേരുകളിത്ര വേഗം വ്യാപിക്കുമെന്ന്.... ശിഖരങ്ങൾ ദിക്കുകൾ തേടാൻ ധൃതിപ്പെടുമെന്ന്...

അങ്ങിനെയത് വടവൃക്ഷമായി വളർന്നു. ഭാഷകൾക്കും ദേശങ്ങൾക്കുമപ്പുറം കടൽകടന്നെത്തുന്ന ദേശാടനക്കിളികൾക്ക് വഴികാട്ടിയായി.... പ്രതീക്ഷയുടെ ആയിരം ചിറകുകളുമായി രാജാഗേറ്റ് കടന്നുവരുന്നവരാരെയും വെറും കയ്യോടെ തിരിച്ചയക്കേണ്ടി വന്നിട്ടില്ലെന്നഭിമാനിക്കുന്ന ഫാറൂഖിന്റെ ചരിത്രത്തിലെ ഓരോ വരിയും അർത്ഥസമ്പൂർണ്ണമാണ്.

അംഗീകാരങ്ങൾക്കുമുമ്പേ നടന്ന ഫാറൂഖ് എന്നും ശ്രദ്ധചെലുത്തിയത് സ്വന്തം അസ്ഥിത്വത്തിന്റെ സംരക്ഷണമായിരുന്നു. ഇനിയുമെത്രയോ കാതങ്ങൾ താണ്ടാനുണ്ടെങ്കിലും തിരിഞ്ഞുനോക്കുമ്പോൾ നിരാശപ്പെടാനൊന്നുമില്ല. സ്വയം നിർണയാവകാശമുള്ള കോളേജായി പ്രവർത്തിക്കാനുള്ള സകല സാഹചര്യവുമുണ്ടെന്ന് "NAAC' പ്രതിനിധികൾ അംഗീകരിച്ചു എന്നതിൽ അൽഭുതമില്ല. ഫാറൂഖിന്റെ ചുമരുകൾ എത്രയോ വർഷങ്ങൾക്കുമുമ്പേ ഇത് വിളിച്ചുപറയാൻ തുടങ്ങിയിട്ടുണ്ടാവണം. അറിവിന്റെ തേനറയായ ലൈബ്രറി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടത്തിലേക്ക് മാറുന്നതോടെ ഫാറൂഖിന്റെ ശിരസ്സിൽ മറ്റൊരു കിരീടം കൂടി അണിയിക്കപ്പെടുകയാണ്. അതിരുകളില്ലാത്ത ലോകത്തിലൂടെ വിജ്ഞാനത്തിന്റെ ചക്രവാളങ്ങളിലേക്ക് അനേകം തലമുറകൾക്ക് പറന്നുയരാൻ ചിറക് നൽകിയ ഈ അക്ഷയഖനി വീണ്ടും വിപുലീകൃതമാവുകയാണ്. ശൂന്യമായ കൈകളുമായി ഉമ്മറപ്പടി കടന്നെത്തിയവർ അറിവിന്റെ ചുമടുമായി തിരിച്ചുപോവാൻ മാത്രം വിഭവമുള്ള ലൈബ്രറി, ഈ വെളിച്ചം കത്തിച്ചുവെച്ച മഹാമനീഷി അബുസ്സബാഹ് അഹമ്മദലി മൗലവിയുടെ നാമധേയത്തിലാണ് ഉയരുന്നത്.

ഉയരങ്ങളിലേക്ക് സമൂഹത്തിന്റെ ഇളംതളിരുകളെ കൈപിടിച്ചുയർത്താനുള്ള ലക്ഷ്യസാക്ഷാത്കാരത്തിന് വേണ്ടി പി.എം.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ ആരംഭിച്ചതോടെ ഫാറൂഖാബാദ് അതിന്റെ മണൽതരികളിൽ ഒരു രത്നക്കല്ല് കൂടി പതിപ്പിച്ചിരിക്കുകയാണ്.

ഫാറൂഖ് പൂർണ്ണതയിലെത്തിയില്ല, ഉദിച്ചതേയുള്ളൂ. നാളെയുടെ ഫാറൂഖിന്റെ മുഖശോഭ ആസ്വദിക്കാൻ നമുക്ക് കാത്തിരിക്കാം. പ്രതീക്ഷയോടെ.... പ്രാർത്ഥനയോടെ....

# NSS റിപ്പോർട്ട്

'സാമൂഹ്യസേവനത്തിലൂടെ വ്യക്തിത്വ വികാസം' അതാണ് നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തന മന്ത്രം. ക്യാമ്പസിലും, ക്യാമ്പസിനു പുറത്തും സാമൂഹ്യസേവന പ്രവർത്തനങ്ങളുമായി നിറഞ്ഞു നിന്നു. 3 യൂണിറ്റുകളായിട്ടാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

യൂണിറ്റുകൾ

**Unit 21**

| | | |
|---|---|---|
| Programme Officer | : | A.K. Abdul Raheem |
| Secretary | : | Jahs |

**Unit 109**

| | | |
|---|---|---|
| Programme Officer | : | Manikandan |
| Secretary | : | Shareef C.M |

**Unit 140** :

| | | |
|---|---|---|
| Programme Officer | : | Riyas Ahammed |
| Secretary | : | Firoz. M.K. |

പ്രവർത്തനങ്ങൾ

കഴിഞ്ഞ വർഷങ്ങളുടെ തുടർച്ചയായി പരുത്തിപ്പാറ കോളനി ദത്തെടുത്തു. ശനി, ഞായർ, ദിവസങ്ങളിൽ പ്രവർത്തകർ കോളനിയിലുള്ള വിദ്യാർത്ഥികൾക്ക് ട്യൂഷൻ ക്ലാസുകൾ നല്കി. സ്വാതന്ത്ര്യദിനത്തിൽ കോളനി വിദ്യാർത്ഥികൾക്ക് വേണ്ടി കലാപരിപാടികൾ സംഘടിപ്പിച്ചു. കോളനിയിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിൽ ട്യൂഷൻ ക്ലാസുകൾ ഏറെ സഹായകമായി.

ബ്ലഡ് ഡോണേഴ്സ് ഫോറവുമായി സഹകരിച്ച് കോളേജിൽ രക്തഗ്രൂപ്പ് നിർണയക്യാമ്പ് സംഘടിപ്പിച്ചു. ആയിരത്തോളം വിദ്യാർത്ഥികളുടെ രക്തഗ്രൂപ്പ് നിർണ്ണയിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കി. സമീപ പ്രദേശങ്ങളിലെ രോഗികൾക്ക് രക്തമാവശ്യമായി വന്നാൽ യാതൊരു ബുദ്ധിമുട്ടുമില്ലാതെ രക്തമെത്തിച്ച് കൊടുക്കാൻ ഇതേറെ ഉപയോഗപ്പെട്ടു.

കോളേജിലെ വിദ്യാർത്ഥികൾക്ക് വേണ്ടി ക്വിസ് മത്സരം സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് തലത്തിലായിരുന്നു മത്സരം. കൂടാതെ വിദ്യാർത്ഥികൾക്ക് വേണ്ടി കത്തെഴുത്ത് മത്സരവും സംഘടിപ്പിച്ചു. അധ്യാപക ദിനത്തിൽ കോളേജിലെ മുഴുവൻ അധ്യാപകർക്കും മധുരം നൽകി, ആശംസകൾ കൈമാറി. അധ്യാപക - വിദ്യാർത്ഥി ബന്ധം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഉദ്ബോധനവും നടത്തി.

ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കു വേണ്ടി ഏകദിന ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ വ്യത്യസ്ഥ വിഷയങ്ങളിൽ പ്രമുഖർ ക്ലാസുകളെടുത്തു. ഗാന്ധിജയന്തി ദിനത്തിൽ ക്യാമ്പസ് ക്ലീനിംഗ് നടത്തി. Forest Department മായി സഹകരിച്ച് രാമനാട്ടുകര മുതൽ അറപ്പുഴ പാലം വരെയുള്ള പുതിയ ബൈപ്പാസിന്റെ ഓരങ്ങളിൽ വൃക്ഷത്തൈ നട്ട് പിടിപ്പിക്കുന്നതിൽ മുഖ്യമായ പങ്ക് വഹിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് തലത്തിൽ പൂക്കള മത്സരം സംഘടിപ്പിച്ചു.

പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ രാമനാട്ടുകര, വാഴയൂർ പഞ്ചായത്തധികൃതരേയും, പ്രോഗ്രാം ഓഫീസർമാരേയും, സെക്രട്ടറിമാരേയും വിളിച്ച് ചേർത്ത് വിപുലമായ ഒരു ഉപദേശക സമിതി രൂപീകരിച്ചു. പഞ്ചായത്തിൽ നടക്കുന്ന സർവ്വേകൾ, കൊതുകു നിർമ്മാർജ്ജനം എന്നീ പ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിക്കുമെന്ന് ഉറപ്പു നൽകി.

# യൂണിയൻ റിപ്പോർട്ട്

2001-02 വർഷത്തെ ഫാറൂഖ് കോളേജ് യൂണിയൻ റിപ്പോർട്ട്; പരിമിതിക്കുള്ളിൽ നിന്ന് നമ്മളൊന്നിച്ചറിഞ്ഞ ഒരു മഹത്തായ ഋതുവിന്റെ രേഖാ ചിത്രം.

അറിവും വിവേകവും, വ്യക്തിത്വവും മൂല്യബോധവും, അച്ചടക്കവുമൊക്കെയുള്ള മനസ്സിന്റെ ഉടമകളായി ഈ വാതായനങ്ങളിൽ നിന്ന് കാലത്തിന്റെ നിലക്കാത്ത പ്രവാഹത്തിലേക്ക് ഇറങ്ങിത്തിരിക്കും മുമ്പ് സൗഹൃദത്തിന്റെ ഇളം വെയിലിൽ സ്നേഹത്തിന്റേയും സ്വപ്നങ്ങളുടേയും രുചി ആസ്വദിച്ച് കഴിഞ്ഞ നാളുകളുടെ ഓർമ്മകളിലേക്ക് നമുക്ക് യാത്രയാകാം.

തലമുറ പലത് കഴിഞ്ഞിട്ടും തലയെടുപ്പോടെ മലബാറിന്റെ മണ്ണിൽ വിജ്ഞാനത്തിന്റെ കെടാവിളക്കായി ശോഭിക്കുന്ന; മഹത്തായൊരു പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന നമ്മുടെ കലാലയം ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് കുതിക്കുമ്പോൾ - അതിന്റെ സ്ഥാപകരായ മഹാമനീഷികളുടെ ആത്മാക്കൾ ഇത് കണ്ട് സായൂജ്യമടയുന്നുണ്ടാവും.

പഠനനിലവാരത്തിലും കലാകായിക രംഗങ്ങളിലും അച്ചടക്കത്തിലും ഫാറൂഖ്കോളേജ് എന്നും ഇതര കോളേജുകൾക്ക് മാതൃകയാണ്. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിൽ കേന്ദ്രസർക്കാറിന്റെ "പഞ്ചനക്ഷത്ര പദവിയും" സംസ്ഥാനസർക്കാറിന്റെ ആർ. ശങ്കർ അവാർഡും ഒന്നിച്ച് ഫാറൂഖ് കോളേജിന് തന്നെ ലഭിച്ചതിലൂടെ മേൽപറഞ്ഞ വസ്തുത ഒരിക്കൽ കൂടി നമുക്ക് ബോധ്യമാകുന്നു. ഇത് അധ്യാപക, വിദ്യാർത്ഥി പ്രിൻസിപ്പൽ മാനേജ്മെന്റ് കൂട്ടായ്മക്കുള്ള അംഗീകാരം കൂടിയാണ്.

അവകാശവാദങ്ങൾ ഉന്നയിക്കാതെ നിങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ കഴിഞ്ഞതിൽ തികഞ്ഞ കൃതാർത്ഥതയോടെ...

സെപ്തംബർ 20-ാം തിയതി നടന്ന സത്യസന്ധവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പിൽ കോളേജ് യൂണിയൻ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ.

| | |
|---|---|
| ചെയർമാൻ | : മുഹമ്മദ് ഷമീം (III Bsc Phy) |
| വൈസ് ചെയർമാൻ | : ഉസ്നാഉസ്മാൻ (II BA. Eng) |
| ജനറൽ സെക്രട്ടറി | : എ. ഹുസൈൻ (II MA Arabic) |
| ജോയിന്റ് സെക്രട്ടറി | : ഷബ്നഖലീൽ (III Bsc Computer science) |
| ഫൈൻ ആർട്സ് സെക്രട്ടറി | : ജാഫർ.എൻ.കെ (III B.B.A) |
| മാഗസിൻ എഡിറ്റർ | : ആഷിഖ് ഇഖ്ബാൽ (II B.A. Eng) |
| ജനറൽ ക്യാപ്റ്റൻ | : ഷംസീർ (III Bsc Zoology) |

**യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ് :**

അനീസ് എം.ടി. (III B.Sc. St)

അബ്ദുൽ ഹാഫിസ് പി ((II B.Sc St)

**അസോസ്സിയേഷൻ സെക്രട്ടറിമാർ**

| | |
|---|---|
| അറബിക് | : അബ്ദുൽലത്തീഫ് |
| മലയാളം | : മനീഷ.സി |
| സോഷ്യോളജി | : നൗഷാദ് അലി |
| ഇംഗ്ലീഷ് | : ദിനേഷ് ബാബു |
| ഇക്കണോമിക്സ് | : മജീദ് |
| ഹിസ്റ്ററി | : നസീർ അഹമ്മദ്.ഗ.ഗ |
| ഫിസിക്സ് | : നിയാസ് |
| കെമിസ്ട്രി | : കുഞ്ഞ്മുഹമ്മദ് |
| സുവോളജി | : താജുദ്ദീൻ |

| | |
|---|---|
| ബോട്ടണി | : രമേഷ് |
| മാത്സ് | : നിസാർ |
| സ്റ്റാറ്റിസ്റ്റിക്സ് | : ഷർഹാൻ |
| കംപ്യൂട്ടർ സയൻസ് | : ഷാജഹാൻ |
| കൊമേഴ്സ് | : ഷംജിത് |

**യൂണിയൻ എക്സിക്യൂട്ടീവ്സ്**

ഷർഹാൻ

നവാബ്ജാൻ

ഇജാസ് മുഹമ്മദ്

**സ്റ്റാഫ് അഡ്വൈസർ.**

Prof. അബ്ദുല്ലാ പെരിങ്ങാട്

**ഫൈൻ ആർട്സ് ഡയറക്ടർ**

Dr. A.K. അബ്ദുൽ റഹീം

**സ്റ്റാഫ് എഡിറ്റർ**

നസീർ.കെ.എം

**ക്ലാസ്സ് പ്രതിനിധികൾ.**

II P.G. ദിലിപ് കുമാർ

III D.C. നവാബ്ജാൻ

II D.C. ഇജാസ് മുഹമ്മദ്

I D.C. മുഹമ്മദ് സ്വാലിഹ്

**സത്യപ്രതിജ്ഞ.**


സെപ്തംബർ 20-ാം തിയ്യതി നടന്ന തെരഞ്ഞെടുപ്പിൽ വിജയികളായ യൂണിയൻ ഭാരവാഹികൾ ബഹു: പ്രിൻസിപ്പൽ Dr. മുബാറക് പാഷ സാർ മുമ്പാകെ സത്യവാചകം ചൊല്ലി യൂണിയൻ ഭാരവാഹിത്വം ഏറ്റെടുത്തു.

**യൂണിയൻ ഉദ്ഘാടനം**

18.10.2001 വ്യാഴാഴ്ച ഉച്ചയ്ക്ക് '2' മണിക്ക് മാതൃഭൂമി സബ് എഡിറ്ററും കാർട്ടൂണിസ്റ്റുമായ ഉണ്ണികൃഷ്ണൻ കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം സമകാലികമായ കാർട്ടൂൺ വരച്ച് നിർവ്വഹിച്ചു.

**മാധ്യമ സെമിനാർ**

യൂണിയൻ ഉദ്ഘാടനത്തോടനുബന്ധിച്ച് കാലികപ്രസക്തമായിരുന്ന 'മാധ്യമങ്ങളുടെ യുദ്ധം' എന്ന വിഷയത്തിൽ കേരളത്തിലെ പ്രമുഖ വാർത്താമാധ്യമ പ്രതി



നിധികളെ പങ്കെടുപ്പിച്ച് ഒരു സെമിനാർ നടത്തി. സെമിനാറിൽ കോളേജ് യൂനിയൻ ചെയർമാൻ മുഹമ്മദ് ഷെമീം പ്രബന്ധം അവതരിപ്പിച്ചു. പ്രശസ്ത പത്രപ്രവർത്തകരായ റഹിം മേച്ചേരി (ചന്ദ്രിക) വി. ദക്ഷിണാമൂർത്തി (ദേശാഭിമാനി) ഒ.അബ്ദുല്ല (മാധ്യമം) N.P ചേക്കുട്ടി (കൈരളി) എന്നിവർ വിഷയമവതരിപ്പിച്ച് കൊണ്ട് സംസാരിച്ചു. ഫാറൂഖ് കോളേജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനും അറിയപ്പെടുന്ന എഴുത്തുകാരനുമായ പ്രൊഫ: യാസീൻ അഷ്റഫ് മോഡറേറ്ററായിരുന്നു. കോളേജ് യൂനിയൻ ജോയിന്റ് സെക്രട്ടറി ഷബ്നഖലീൽ നന്ദി രേഖപ്പെടുത്തി.

**ഫൈൻ ആർട്സ് ഡേ- "അരങ്ങ്"-2002**


യൂനിയൻ പ്രവർത്തനങ്ങളിലെ മുഖ്യ അജണ്ടയായ ഫൈൻ ആർട്സ് പരിപാടികൾ വിമർശനവിധേയമാകുന്നതിന് അറുതി വരുത്തണമെന്ന് കോളേജ് യൂനിയൻ തീരുമാനിച്ചു. അങ്ങനെ ഫാറൂഖ് കോളേജിന്റെ ചരിത്രത്തിൽ ആദ്യമായി അസോസിയേഷനുകൾ അടിസ്ഥാനമാക്കി മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം നൽകിക്കൊണ്ട് മത്സരാടിസ്ഥാനത്തിൽ ഫൈൻ ആർട്സ് പരിപാടികൾ നടത്തുകയുണ്ടായി. എല്ലാ പരിപാടികളിലും മത്സരബുദ്ധിയോടെ വിദ്യാർത്ഥികൾ പങ്കെടുത്തു. എല്ലാ ഇനങ്ങളിലും മത്സരാർത്ഥികളുടെ ബാഹുല്യം കാണാമായിരുന്നു. അസോസിയേഷനുകൾ ഹൗസുകളായി തിരിച്ച് മത്സരങ്ങളിൽ പങ്കെടുത്തപ്പോൾ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ മലയാളം,ഇംഗ്ലീഷ്,അറബിക് അസോസിയേഷനുകൾ ചേർന്ന "ധ്വനി" ഒന്നാം സ്ഥാനം കരസ്ഥമാക്കി. ദിവസങ്ങൾ നീണ്ടു നിന്ന സ്റ്റേജ് ഇതരപരിപാടികൾ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത വിളിച്ചറിയിക്കുന്നതായിരുന്നു. സ്റ്റേജ് പരിപാടികളിൽ വിധികർത്താക്കളെ അതിശയിപ്പിച്ച പ്രകടനമാണ് വിദ്യാർത്ഥികൾ കാഴ്ചവെച്ചത്. അവസാനം അരങ്ങ്-2001ലെ സർഗ്ഗപ്രതിഭയായി ശരത്കുമാർ (III Bsc Zoology) ചിത്രപ്രതിഭയായി ഹാരിസ്.കെ.എം (III Bsc Statistics) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 20.12.2001 വ്യാഴാഴ്ച ഉച്ചക്ക് 12.30ന് പ്രശസ്ത സംഗീതസംവിധായകനും ഗാനരചയിതാവുമായ കൈതപ്രം ദാമോദരൻ നമ്പൂതിരി ഫൈൻ ആർട്സ് ഡേ ഉദ്ഘാടനം നിർവ്വഹിച്ചു. ഫൈൻ ആർട്സ് സെക്രട്ടറി ജാഫർ എൻ.കെ സ്വാഗതം പറഞ്ഞു. "അരങ്ങിന്റെ" അണിയറയിൽ പ്രവർത്തിച്ചത്



കംഫർട്ട് സ്റ്റേഷൻ ഈ യൂനിയൻ - കാലാവധി തീരും മുമ്പ് തന്നെ പി.റ്റി.എ.യുടെ സഹായത്തോടെ പണി പൂർത്തിയാക്കി, അവർക്ക് വേണ്ടി തുറന്ന് കൊടുത്തു. വിദ്യാർത്ഥിനികൾക്ക് ഏറെ സന്തോഷ കരാമയിരുന്നു ഇത്.

### പവർക്വിസ് മത്സരം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സംഘടിപ്പിച്ച പവർക്വിസ് -കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ മത്സരം സെമിനാർ ഹാളിൽ വെച്ച് കോളേജ് യൂണിയന്റെ നേതൃത്വത്തിൽ നടത്തി. മത്സരത്തിൽ ഇജാസ് മുഹമ്മദ് (സെകന്റ് ബി.എ. ഇകണോമിക്സ്) ഒന്നാം സ്ഥാനവും മുനീർ (സെകന്റ് എം.എ. ഹിസ്റ്ററി) രണ്ടാം സ്ഥാനവും കരസ്ഥമാക്കി.




### മെഹന്തി ഡിസൈനിംഗ് മത്സരം

29.1.2002 ചൊവ്വാഴ്ച ഉച്ചക്ക് രണ്ട് മണിക്ക് സെമിനാർ ഹാളിൽ വെച്ച് പെൺകുട്ടികൾക്കായുള്ള മൈലാഞ്ചി ഇടൽ മത്സരം നടത്തി. വിദ്യാർത്ഥിനികളുടെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്ന മത്സരത്തിൽ പലരും വാശിയോടെയായിരുന്നു പങ്കെടുത്തത്. മത്സരത്തിൽ നിഷിത (സെകന്റ് ബികോം) ഒന്നാം സ്ഥാനവും, ആയിഷ (ഫസ്റ്റ് ബി.എസ്സി ഫിസിക്സ്) രണ്ടാം സ്ഥാനവും സെമീറ (ഫസ്റ്റ് സോഷ്യോളജി), മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് സമ്മാനങ്ങളും നൽകപ്പെട്ടു.

### സ്പോർട്സ് ഡേ

21.3.2002 വ്യാഴാഴ്ച രാവിലെ 10.30 ന് കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ സഞ്ജീവ് പട്ജോഷി സ്പോർട്സ് ഡേ ഉദ്ഘാടനം ചെയ്തു. അദ്ധ്യാപക അനദ്ധ്യാപകരും വിദ്യാർത്ഥികളും സജീവമായി മത്സരത്തിൽ പങ്കെടുത്തു. പരിപാടിയിലെ മുഖ്യഇനമായിരുന്ന മാർച്ച് പാസ്റ്റിൽ സാഹിറാ ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പതിവുപോലെ തങ്ങളുടെ കരുത്ത് തെളിയിക്കാൻ വിദ്യാർത്ഥികളുടെ ഒരുപടതന്നെ മത്സരരംഗത്തുണ്ടായിരുന്നു. സ്പോർട്സിലും അത്ലറ്റിക്സിലും കരുത്തരായ ആസാദ് ഹോസ്റ്റൽ ഇത്തവണയും ജേതാക്കളായി. വൈകുന്നേരം 5 മണിക്ക് നടന്ന സമ്മാനദാനചടങ്ങിൽ പ്രൊഫ. സി.എച്ച്. യൂസുഫ് (പ്രിൻസി. ഇൻ. ചാർജ്ജ്) വിജ.യികൾക്ക് സമ്മാനങ്ങളും ട്രോഫിയും നൽകി. ചടങ്ങിൽ കോളേജ് യൂണിയൻ സെക്രട്ടറി എ. ഹുസൈൻ സ്വാഗതവും ജനറൽക്യാപ്റ്റൻ ഷംസീർ നന്ദിയും പറഞ്ഞു.

### ബി സോൺ കലോത്സവം

കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി വീറും വാശിയുമേറിയ മത്സരമാണ് നടന്നതെങ്കിലും അരങ്ങ് 2001 ൽ നിന്ന് ലഭിച്ച ഊർജ്ജവുമായി ഫാറൂഖ് കോളേജിലെ പ്രതിഭകൾ കോഴിക്കോട് മെഡിക്കൽ കോളേജിലെ വിവിധ സ്റ്റേജുകളിൽ ഇതര കോളേജുകളോട് ഇഞ്ചോടിഞ്ചു പോരാടി 174 പോയിന്റോട് കൂടി തുടർച്ചയായ നാലാം തവണയും ബിസോൺ കിരീടം തങ്ങളുടെ സ്വന്തമാക്കി. ഫൈൻ ആർട്സ് പ്രവർത്തനങ്ങൾ സുതാര്യമാക്കിയ കോളേജ് യൂണിയന് ലഭിച്ച ഏറ്റവും വലിയ അംഗീകാരമായിരുന്നു ഇത്. വാക്കുകളിലും വരികളിലും ഒതുങ്ങാത്ത അധ്വാനം ഇതിന്റെ പിന്നിലുണ്ടായിരുന്നുവെന്നത് മറക്കാൻ കഴിയില്ല. എല്ലാ പ്രൊത്സാഹനങ്ങളും നൽകിയ പ്രിൻസിപ്പൾ മുബാറക് പാഷ സാർ, ഫൈൻ ആർട്സ് ഡയറക്ടർ ഡോ. എ.കെ. അബ്ദുൽ റഹീം സാർ, അധ്യാപികമാർ ഫൈൻ ആർട്സ് സെക്രട്ടറി ജാഫർ എൻ.കെ. ഊണും ഉറക്കവുമൊഴിച്ച് എല്ലാ ഇനങ്ങളിലും മത്സരിക്കാനെത്തിയ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ, യൂണിയൻ ഭാരവാഹികൾ, വോളണ്ടിയർമാർ, എന്നിവരെയെല്ലാം നന്ദിയോടെ സ്മരിക്കുന്നു.

### ഇന്റർസോൺ കലോത്സവം

2002 മെയ് മാസം 23, 24, 25, 26 തിയ്യതികളിൽ കോഴിക്കോട് മലബാർ കൃസ്ത്യൻ കോളേജിൽ വെച്ചായിരുന്നു ഇന്റർസോൺ കലോൽസവം നടന്നത്. 23, 24 തിയ്യതികളിൽ നടന്ന സ്റ്റേജിതര മൽസരങ്ങളിൽ തമിഴ് പ്രസംഗത്തിൽ ആയിഷ (ഫസ്റ്റ് ബി.എസ്.സി. ഫിസിക്സ്) ഒന്നാം സ്ഥാനവും ഉറുദു പ്രസംഗത്തിലും കഥാരചനയിലും അശ്റഫ് സി.പി (തേഡ് ബികോം), യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളും നേടി. ഒപ്പന, കോൽക്കളി, ദഫ്, മൈമിംഗ്, ഭരതനാട്യം എന്നിവയിൽ ആധിപത്യം ഉറപ്പിച്ച ഫാറൂഖിന്റെ പ്രതിഭകൾ എം.സി.സി. യുടെ മണ്ണിൽ രാവിനെ പകലാക്കി - കടുത്ത പ്രതിസന്ധികളിൽ പോലും ആത്മധൈര്യം കൈവിടാതെ പൊരുതി മറ്റ് കോളേജുകളെ പിന്നിലാക്കി 75 പോയിന്റോടെ ഇത്തവണയും ഇന്റർസോൺ കിരീടം നേടിയതോടെ ഫാറൂഖ് കോളേജ് ഹാട്രിക്ക് വിജയം പൂർത്തിയാക്കി. ഇന്റർസോൺ ജേതാക്കളായ ഫാറൂഖ് കോളേജിന് കാലിക്കറ്റ് സർവ്വകലാശാല

ഫൈൻ ആർട്സ് ഡയറക്ടർ Dr. എ. കെ. അബ്ദുൽ റഹീം, അബ്ദുള്ള സാർ (ഫിസിക്സ് ഡി.) ഡോ. ടി.വി. പ്രകാശ് (ഇംഗ്ലീഷ് ഡി), എ. മോഹൻരാജ് സാർ (ഡി. ഹിന്ദി)

### അസോസിയേഷൻ പ്രവർത്തനങ്ങൾ


2001-2002 വർഷത്തിൽ കോളേജിലെ മുഴുവൻ അസോസിയേഷനുകളും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. 14ഓളം അസോസിയേഷനുകൾ അവയുടെ സെക്രട്ടറിമാർ മുൻകൈയെടുത്ത് അതാത് ഡിപ്പാർട്ട്മെന്റുകളുടെ സഹായത്തോടെ സെമിനാറുകളും ചർച്ചകളും സംവാദങ്ങളും മറ്റും സജീവമായി തന്നെ നടത്തപ്പെട്ടു. മലയാളം, അറബിക്ക്, സോഷ്യോളജി അസോസിയേഷനുകളുടെ പരിപാടികൾ ശ്രദ്ധേയമായിരുന്നു. മറ്റുള്ളവയും നല്ല നിലവാരം പുലർത്തി. ഓരോ അസോസിയേഷനുകളും നൽകിയ പ്രവർത്തനങ്ങളുടേയും പരിപാടികളുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച് അസോസിയേഷനുള്ള ഒന്നാം സ്ഥാനം അറബിക് അസോസിയേഷനും രണ്ടാം സ്ഥാനം കമ്പ്യൂട്ടർ സയൻസ് അസോസിയേഷനും മൂന്നാം സ്ഥാനം മലയാളം അസോസിയേഷനും നേടി.

### അബുസ്സബാഹ് അനുസ്മരണം

ഫാറൂഖ് കോളേജിന്റെ ശിൽപി മഹാനായ അബുസ്സബാഹ് അഹ്മദലിമൗലവിയുടെ അനുസ്മരണാർത്ഥം കോളേജ് യൂനിയൻ സംഘടിപ്പിച്ച അബുസ്സബാഹ് അനുസ്മരണ പ്രഭാഷണം 2002 ഫെബ്രുവരി 4 തിങ്കളാഴ്ച രാവിലെ 10 മണിക്ക് പ്രൊഫ. കെ.ടി. ജലീൽ നിർവ്വഹിച്ചു.

'പ്രതിഭ' അഖില കേരള പ്രസംഗ മത്സരം

അബുസ്സബാഹ് അനുസ്മരണത്തോടനുബന്ധിച്ച് കാലിക്കറ്റ് സർവ്വകലാശാലക്ക് കീഴിലുള്ള വിവിധ




കോളേജുകളിലെ വിദ്യാർത്ഥികൾക്കായി കോളേജ് യൂനിയൻ ഒരുക്കിയ പ്രസംഗമത്സരം 2002 ഫെബ്രുവരി 4 തിങ്കളാഴ്ച രാവിലെ 11 മണിക്ക് സെമിനാർ ഹാളിൽ വെച്ച് നടന്നു.

വിവിധ കോളേജുകളിൽ നിന്നെത്തിയ പ്രതിഭകൾ മത്സരത്തിൽ പങ്കെടുത്തു. Dr. എൻ. അബ്ദുജബ്ബാർ, കാസിം വാടാനപ്പള്ളി, ഉസ്മാൻ ഫാറൂഖി എന്നിവർ വിധികർത്താക്കളായി എത്തി. മത്സരത്തിൽ കോട്ടക്കൽ ആയുർവേദ കോളേജിൽ നിന്നെത്തിയ ഫയാസ് ഒന്നാം സ്ഥാനവും കെ.കെ. നൗഷാദ് ഫാറൂഖ് കോളേജ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

### സീതി സാഹിബ് അനുസ്മരണം

24.1.2002 വ്യാഴാഴ്ച ഉച്ചക്ക് 2 മണിക്ക് കോളേജ് യൂനിയൻ സംഘടിപ്പിച്ചു സീതിസാഹിബ് അനുസ്മരണം പ്രശസ്ത വാഗ്മിയും നിയമസഭാ സമാജികനുമായ അഡ്വ. കെ.എൻ.എ. ഖാദർ മുഖ്യപ്രഭാഷണം നടത്തി ഉൽഘാടനം ചെയ്തു. പ്രോജ്ജ്വലമായ അദ്ദേഹത്തിന്റെ പ്രഭാഷണം വിദ്യാർത്ഥികളുടെ ദിശാബോധം ഉണർത്തുന്നതായിരുന്നു. പ്രസ്തുത പരിപാടിയിൽ യൂണിയൻ മാഗസിൻ എഡിറ്റർ ആഷിഖ് ഇഖബാൽ സ്വാഗതവും യൂണിയൻ എക്സിക്യൂട്ടീവ് ഇജാസ് മുഹമ്മദ് നന്ദിയും പറഞ്ഞു.

### കായികരംഗം

കായികരംഗത്ത് മികച്ച താരങ്ങളെ സംഭാവന ചെയ്ത പാരമ്പര്യമുള്ള ഫാറൂഖ് കോളേജ് അതിന്റെ തിളക്കമാർന്ന നേട്ടങ്ങളിലൂടെ വാർത്താമാധ്യമങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയിരുന്നു. എസോൺ ഫുട്ബോൾ ആറാം തവണയും റണ്ണർഅപ്പ് ആയി. ഫാറൂഖ് കോളേജിന്റെ അഭിമാനമായ ദേശീയതാരം ഡിജു വി. ബാഡ്മിന്റണിൽ ഇന്ത്യൻ ടീം അംഗമായി സെലക്ട് ചെയ്യപ്പെട്ടു. അദ്ദേഹം ഫ്രാൻസിൽ നടന്ന ആൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു. യൂണിവേഴ്സിറ്റി തലത്തിലും ജില്ലാതലത്തിലുമൊക്കെ കരുത്ത് തെളിയിച്ച ഫാറൂഖിന്റെ ചുണക്കുട്ടൻമാർ കായികലോകത്ത് മുതൽകൂട്ടാവേണ്ടവരാണ്.

### സ്റ്റുഡന്റ് സെന്റർ; യൂണിയൻ ഓഫീസ്

വിദ്യാർത്ഥികളുടെ ചിരകാല അഭിലാഷമായിരുന്ന സ്റ്റുഡന്റ്സ് സെന്റർ, യൂനിയൻ ഓഫീസ് എന്നിവ അധികാരികളിൽ നിന്ന് നേടിയെടുക്കാൻ കഴിഞ്ഞതും വിശാലമായ സൗകര്യങ്ങളോടെ പ്രവർത്തനക്ഷമമാക്കി വിദ്യാർത്ഥികൾക്ക് സമർപ്പിച്ചതും കോളേജ് യൂണിയന്റെ നേട്ടങ്ങളിൽ എടുത്തുപറയാൻ കഴിയുന്ന ഒന്നാണ്. അതോടൊപ്പം തന്നെ ലൈബ്രറിയിൽ നിന്ന് ലഭിക്കുന്ന ഫോട്ടോ കോപ്പി (സിറോക്സ്), കുറഞ്ഞനിരക്കിൽ ലഭ്യമാക്കിയതും, റീഡിംഗ് റൂമിന്റെ പ്രവർത്തനസമയം വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം വർദ്ധിപ്പിക്കാൻ കഴിഞ്ഞതും, യൂനിയന്റെ നേട്ടങ്ങളിൽ പെട്ടതാണ്. പെൺകുട്ടികൾക്ക് നൽകിയ വാഗ്ദാനമായിരുന്ന

വൈസ് ചാൻസലർ ഡോ. കെ.കെ. എൻ കുറുപ്പ് ഓവറോൾ ട്രോഫി സമ്മാനിച്ചു.

### കോളേജ് ഡേ

20.3.2002 ബുധനാഴ്ച രാവിലെ 10.30 ന് പ്രശസ്ത എഴുത്തുകാരനും സാഹിത്യ അക്കാദമി വൈസ് ചെയർമാനുമായ യു.കെ. കുമാരൻ കോളേജ് ഡേ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് നടന്ന കലാവിരുന്നിൽ മുഖ്യാതിഥിയായി പുതുമുഖ സിനിമാതാരം വിനീത് കുമാർ എത്തിയത് വിദ്യാർത്ഥികൾക്ക് ആവേശമായി. വിനീത് തന്റെ സ്വതസിദ്ധമായ ശൈലികൊണ്ട് സദസ്സിനെ ഹരം പിടിപ്പിച്ചു. ഫസ്റ്റ് എം.എ. ഇംഗ്ലീഷ് വിദ്യാർത്ഥിയായ ഹാത്വിബിന്റെ ഖിറാഅത്തോടെ ആരംഭിച്ച പരിപാടിയിൽ യൂനിയൻ വൈസ് ചെയർമാൻ ഉസ്ന ഉസ്മാൻ അദ്ധ്യക്ഷം വഹിച്ചു. സ്റ്റാഫ് അഡ്വൈസർ പ്രൊഫ. അബ്ദുള്ള പെരിങ്ങാട് സ്വാഗതം പറയുകയും യൂണി. ജന. സെക്രട്ടറി എ. ഹുസൈൻ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. പെൺകുട്ടികൾക്ക് വേണ്ടി പുതുതായി നിർമ്മിച്ച കംഫർട്ട് സ്റ്റേഷന്റെ താക്കോൽ ദാനം പിടിഎ വൈസ് പ്രസിഡന്റ് പി അബൂബക്കർ ഹാജി നിർവ്വഹിച്ചു. വിവിധപരിപാടികളിലെ വിജയികൾക്കുള്ള സമ്മാനദാനം യു.കെ. കുമാരൻ നിർവ്വഹിച്ചു. ആശംസയർപ്പിച്ചുകൊണ്ട് ഫൈൻ ആർട്സ് ഡയറക്ടർ ഡോ. എ.കെ. അബ്ദുൽ റഹീം സംസാരിച്ചു. ജോ. സെക്രട്ടറി ഷബ്ന ഖലീൽ നന്ദി പറഞ്ഞു. ഫാറൂഖ് കോളേജ് ഓർകസ്ട്ര ടീം അവതരിപ്പിച്ച ശ്രുതിമധുരമായ ഗാനമേളയോടെ പരിപാടികൾക്ക് തിരശ്ശീല വീണു.

പ്രിയമുള്ളവരെ,

നിങ്ങളുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും നിറം നൽകാൻ പൂർണ്ണമായും കഴിഞ്ഞെന്നിരിക്കില്ല. പ്രവർത്തനങ്ങൾക്കെല്ലാം പൂർണ്ണതയുടെ സൗന്ദര്യമുണ്ടെന്ന് അവകാശപ്പെടുന്നില്ല. 'ആകാശത്തിന്റെ കോണിൽ നിനക്കായ് ഒഴിച്ചിടപ്പെട്ടിടത്ത് നീ ആത്മാർത്ഥതയുടെ മഷികൊണ്ട് മഴവില്ല് കോറിയിടുക. സൗന്ദര്യമെല്ലാം വഴിയെ വരുന്നവർ തീരുമാനിച്ച് കൊള്ളും എന്ന് ഖലീൽ ജിബ്രാൻ പറഞ്ഞത് ഇവിടെ സ്മരിക്കട്ടെ. സഹയാത്രികരായ നിങ്ങൾ ഈ പ്രവർത്തനങ്ങളെ തൂക്കിനോക്കുക - നീതിയുടെ തുലാസിൽ. ഇവിടെ കോളേജ് യൂനിയൻ അതിന്റെ ഉത്തരവാദിത്വം നിറവേറ്റിയെന്ന് ഞങ്ങൾ കരുതുന്നു. നിങ്ങൾ ഞങ്ങളിലർപ്പിച്ച വിശ്വാസം ഭാഗികമായെങ്കിലും നിറവേറ്റാൻ കഴിഞ്ഞുവെന്ന ആത്മവിശ്വാസത്തോടെ ഞങ്ങൾക്ക് വേണ്ട പ്രചോദനം നൽകി സഹായിച്ചു സ്നേഹനിധികളായ കൂട്ടുകാർ - ഉപദേശ നിർദ്ദേശങ്ങൾ നൽകിയ ബഹു. പ്രിൻസിപ്പൽ മുബാറക് പാഷ സാർ, പ്രൊഫ. അബ്ദുള്ള പെരിങ്ങാട്, ഡോ. എ.കെ. അബ്ദുൽ റഹിം, നസീർ സാർ, യൂനിയൻ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന വിദ്യാർത്ഥികൾ, സഹപ്രവർത്തകർ എന്നിവരോടുള്ള നന്ദിയും കടപ്പാടും നിസ്സീമമാണ്. കൃതാർത്ഥതയോടെ ഈ പ്രവർത്തനരേഖ നിങ്ങൾക്കായി സമർപ്പിക്കട്ടെ....

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി,

**എ. ഹുസൈൻ ചൂനാട്**